ISSN: 2249 - 7862
Aureole, Vol. VII, December 2015 PP 29-32

# ആന്തൂർ നായൻമാർ : ഉപജീവനവും അതിജീവനവും

* ഡോ. എം. സിനി

## ആമുഖം

മൺപാത്രനിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ച ജനവിഭാഗങ്ങൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി അധിവസിച്ചു വരുന്നുണ്ട്. എന്നാൽ അവരുടെ സംസ്കാരത്തിനും, തൊഴിൽ രീതിക്കും സമാനസ്വഭാവമല്ല ഉള്ളത്. അവരുടെ മൺപാത്ര നിർമ്മാണ രീതിയും, സ്ത്രീ-പുരുഷ പങ്കാളിത്തവും, വിവിധ കാലഘട്ടങ്ങളിൽ വരുന്ന ഉല്പന്ന വൈവിധ്യവും എല്ലാം വ്യത്യസ്ത രീതിയിലായിരിക്കും. ഒരു പരമ്പരാഗത സമൂഹത്തിന്റെ ഇന്നത്തെ ഉപജീവന ഉപാധികൾ വരും കാലഘട്ടങ്ങളിൽ നിലനിർത്തിക്കൊണ്ടു പോകുവാൻ ചില പ്രത്യേക സാഹചര്യങ്ങളിൽ ആ സമൂഹത്തിന് സാധിക്കാതെ വന്നേക്കാം. അത്തരം സാഹചര്യങ്ങളെ അതിജീവിക്കുക വഴി മാത്രമേ ഒരു പരമ്പരാഗത സമൂഹത്തിന്റെ തുടർ പ്രയാണങ്ങൾ സാധ്യമാകുകയുള്ളൂ. കണ്ണൂർ ജില്ലയിലെ പരമ്പരാഗത മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ജനവിഭാഗങ്ങളുടെ കുലത്തൊഴിലിനെയും, അവരുടെ അതിജീവന ഉപാധികളെയും കുറിച്ചുള്ള പരിചിന്തനമാണിത്.

**കീലപദങ്ങൾ**
ആന്തൂർ നായൻമാർ, കണ്ണൂർജില്ല, പരമ്പരാഗത തൊഴിൽ

## അധിവാസവ്യവസ്ഥ

കേരളത്തിലെ മൺപാത്രനിർമ്മണത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജനവിഭാഗങ്ങളിൽ
ഒരു വിഭാഗമാണ് കണ്ണൂർ ജില്ലയിലെ ആന്തൂർനായൻമാർ. വിവിധ ജില്ലകളിൽ മൺപാത്ര നിർമ്മാണത്തൊഴിലിൽ ഏർപ്പെട്ടവരെ കാണാമെങ്കിലും അവർ വ്യത്യസ്ത പേരുകളിലാണ് അവിടങ്ങളിൽ അറിയപ്പെടുന്നത്. തിരുവനന്തപുരം ജില്ലയിൽ വേളൻ എന്നും,

* അസിസ്റ്റന്റ് പ്രൊഫസർ, അന്ത്രോപ്പോളജി വിഭാഗം, കണ്ണൂർ സർവ്വകലാശാല, തലശ്ശേരി കാമ്പസ് പി.ഒ, പാലയാട

പാലക്കാട് കുംഭാരൻമാർ എന്നും ഇവർ അറിയപ്പെടുന്നു. ഓടൻ, കുലാലൻ (ആന്ധ്ര നായർ), മണ്ണുനായർ എന്നിവ വിവിധ പേരുകളാണ്. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ്, പട്ടുവം, കുഞ്ഞിമംഗലം, കണ്ണപുരം, മുണ്ടയാട് എന്നീ പഞ്ചായത്തുകളിലാണ് കൂടുതലായും ഇവരുടെ അധിവാസകേന്ദ്രങ്ങൾ ഉള്ളത്.

ആന്തൂർനായൻമാർ ഒരു പ്രദേശത്ത് കൂട്ടമായി താമസിക്കുന്ന ജനവിഭാഗമാണ്. ഇവരുടെ ആവാസവ്യവസ്ഥ അവരുടെ കുലത്തൊഴിലുമായി വളരെയധികം ബന്ധപ്പെട്ടു കിടക്കുന്നു. പ്രധാനമായും മൺപാത്രനിർമ്മാണത്തിനനുയോജ്യമായ കളിമണ്ണ് ലഭിക്കുന്ന വയൽ പ്രദേശങ്ങളുടെ സമീപത്തായാണ് പരമ്പരാഗതമായി ഇവരുടെ ആവാസകേന്ദ്രം. മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട ചൂളയുടെ സാന്നിദ്ധ്യമാണ് ഇവരുടെ അധിവാസ കേന്ദ്രങ്ങളെ ഒറ്റനോട്ടത്തിൽ തിരിച്ചറിയാൻ സഹായിക്കുന്നത്.

**സംസ്ക്കാരം**

ആന്തൂർ നായൻമാരുടെ ജീവിതം മൺപാത്ര നിർമ്മാണം എന്ന മഹത്തായ പാരമ്പര്യത്തിൽ അധിഷ്ഠിതമാണ്. ആന്തൂർ നായൻമാർ പരമ്പരാഗതമായി മക്കത്തായ സമ്പ്രദായം പിന്തുടർന്നു പോന്നവരാണ്. ആയതിനാൽ പുത്രൻമാർക്ക് സമുദായത്തിൽ പ്രാമുഖ്യം കല്പിച്ചു പോന്നു. മുൻകാലങ്ങളിൽ വിവാഹത്തോടു കൂടി സ്ത്രീക്ക് അവളുടെ സ്ഥാനം നഷ്ടപ്പെടുകയും ഭർത്താവിന്റെ വീട്ടിലെ അംഗമായിത്തീരുകയുമാണ് പതിവ്. സ്ത്രീധന സമ്പ്രദായം ഇവർക്കിടയിൽ നിലവിലില്ല.

ഏകദേശം 800 വർഷം മുമ്പ് കർണ്ണാടകയിൽ നിന്ന് ബ്രാഹ്മണരുടെ കൂടെ കേരളത്തിലേക്ക് വന്നവരുടെ പിൻമുറക്കാരാണിവരെന്ന് അവർ അവകാശപ്പെടുന്നു. മക്കത്തായ സമ്പ്രദായവും, സമൂഹത്തിൽ മുമ്പ് അവർക്കുണ്ടായിരുന്ന ഉന്നതസ്ഥാനവും അതിനു തെളിവായി അവർ കാണുന്നു. 'നാഗോപാസകരമായ നായൻമാർ' എന്നത് ഈ ഔന്നത്യം വിളിച്ചോതുന്നു. വേട്ടെയ്ക്കൊരുമകൻ, നീലിയാർ ഭഗവതി എന്നിവയാണ് ഇവരുടെ പ്രധാന ഉപാസനാമൂർത്തികൾ.

**കുലത്തൊഴിൽ**

വയനാട്ടിലെ ഊരാളിക്കുറുമരിൽ നിന്ന് വിഭിന്നമായി ചക്രമുപയോഗിച്ച് മൺപാത്രനിർമ്മാണം നടത്തിയിരുന്നവരാണ് ആന്തൂർ നായൻമാർ. പരമ്പരാഗത തൊഴിൽ മേഖലയിലെ ആൺ-പെൺ ഭേദം ഇവർക്കിടയിലും ശക്തമായി കാണപ്പെടുന്നു. നവംബറിൽ തുടങ്ങി ഏപ്രിൽ - മേയ് മാസത്തോടുകൂടി അവസാനിക്കുന്ന രീതിയാണ് ആന്തൂർനായൻമാരുടെ തൊഴിൽസംസ്കാരം രൂപപ്പെട്ടിരിക്കുന്നത്. മഴക്കാലവും, അസംസ്കൃത പദാർത്ഥങ്ങളുടെ ദൗർലഭ്യവും ഇതിനു നിദാനമായ കാരണങ്ങളാണ്.

ആദ്യകാലത്ത് കലം നിർമ്മിക്കാൻ രണ്ടുപേരുടെ അധ്വാനം ഒരുമിച്ച് ആവശ്യമായ ചക്രമായിരുന്നു (ചൗരി) നിലവിലുണ്ടായിരുന്നത്. പുരുഷൻ മെനഞ്ഞെടുക്കുമ്പോൾ സ്ത്രീ ചക്രം തിരിച്ചുകൊണ്ടിരിക്കണം. ആയതിനാൽ ഒരു ദിവസം വളരെക്കുറച്ചു മാത്രമേ കലം നിർമ്മാണം സാധ്യമാകൂ.

കലം നിർമ്മാണം വളരെയേറേ ശ്രദ്ധവേണ്ടുന്ന ഒരു തൊഴിലാണ്. കലം നിർമ്മാണത്തിനാവശ്യമായ പശിമയേറിയ മണ്ണ് (പ്ലാസ്റ്റിക് സോയിൽ) കണ്ടെത്തുകയാണ് ആദ്യപടി. വൃശ്ചികം, ധനു മാസങ്ങളിലാണ് അവർ സാധാരണയായി മണ്ണ് ശേഖരിക്കുന്നത് അതിനുശേഷം, ആ മണ്ണിൽ നിന്നും ചെറുകല്ലുകളും, മാലിന്യങ്ങളും വേർതി

രിച്ചെടുത്ത് കുഴമ്പു പരുവത്തിലാക്കി പ്രത്യേക്മായി സജ്ജമാക്കിയ കുഴികളിൽ വെള്ളം ചേർത്ത് ശേഖരിച്ചു വെയ്ക്കുന്നു. ഇങ്ങനെ ശേഖരിക്കുന്ന മണ്ണ് ആവശ്യാനുസരണം പരുവപ്പെടുത്തിയെടുക്കുന്നു. കല്ലും, മാലിന്യങ്ങളും വേർതിരിച്ച് പാകപ്പെടുത്തിയെടുക്കുന്ന ഇത്തരം പ്രക്രിയ 'മണ്ണിനെ വിളയിക്കുക' എന്നാണ് അറിയപ്പെടുന്നത്. അതിനുശേഷം ചൗരിയിൽ വച്ച് കലം നിർമ്മിക്കുന്നയാളുടെ കൈവിരുതിനനുസൃതമായി കലം രൂപപ്പെടുത്തിയെടുക്കുന്നു. ഇതിനെ 'മെനഞ്ഞടുക്കൽ' എന്നാണ് വിളിക്കുക. 'മെനഞ്ഞെടുക്കൽ, മണ്ണിനെ വിളയിക്കുക' എന്നീ ഉല്പാദന പ്രക്രിയകൾ പ്രധാനമായും പുരുഷൻമാർ മാത്രം കൈകാര്യം ചെയ്യുന്നവയാണ്. സ്ത്രീകൾ പ്രധാനമായും മണ്ണ് കൊണ്ടുവരിക, ചക്രം തിരിക്കുക, ചൂള നിർമ്മാണത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ശേഖരിക്കുക, വീട്ടുജോലികളിൽ ഏർപ്പെടുക എന്നിവയിൽ വ്യാപ്തരാവുന്നു. 'മെനഞ്ഞെടുത്ത' പാത്രങ്ങൾ പ്ലാവിലമേൽ വെച്ച് രണ്ടു പകലും രാത്രിയും ഉണങ്ങാനിടുന്നു. രണ്ടു ദിവസത്തിനുശേഷം സന്ധ്യയോടു കൂടി ചൂള നിർമ്മാണം ആരംഭിക്കുന്നു.

ആന്തൂർനായൻമാർ ഭാഗ്യത്തിന്റേയും ഐശ്വര്യത്തിന്റേയും പ്രതീകമായാണ് ചൂളയെ കാണുന്നത്. വളരെ ഭക്തിയോടുകൂടിയാണ് ഇവർ ചൂളയെ സമീപിക്കുന്നത്. സ്ത്രീക്ക് ഇവിടം നിഷിദ്ധമാണ്. ചൂള നിർമ്മാണം വളരെ ശ്രമകരമായ ജോലിയാണ്. ഇത് ത്രികോണാകൃതിയിലുള്ള ഒരു സംവിധാനമാണ്. ഇതിന്റെ രണ്ടു ഭാഗം ഉയർത്തിക്കെട്ടിയിട്ടുണ്ടാകും. മണ്ണിനടിയിൽ കൂടി ഒരു ദ്വാരം ചൂളയിലേക്ക് ഉണ്ടാക്കിയിരിക്കും. ഒരു പ്രാവശ്യം ഇരുന്നൂറു മുതൽ മുന്നൂറുവരെ കലങ്ങൾ ചുട്ടെടുക്കാൻ പറ്റുന്ന വിധത്തിലായിരിക്കും മിക്കവാറും ചൂളകൾ. കലങ്ങൾ എല്ലാം പകുതി കമിഴ്ത്തി മേൽക്കുമേൽ വയ്ക്കുന്നു. അവയ്ക്കിടയിൽ വൈക്കോൽ, ചകിരി എന്നിവ വിതറുന്നു. കലങ്ങളെല്ലാം അടുക്കിവെച്ച ശേഷം ചെളിയും, വൈക്കോലും ഇട്ട് പുറത്ത്നിന്ന് വായു കടക്കാത്തവിധം ചൂള മൂടുന്നു. അതിനുശേഷം അടിവശത്തുള്ള ദ്വാരംവഴി ചൂളയ്ക്കകത്ത് തീ കൊളുത്തുന്നു. തീ കൊളുത്തി ഏകദേശം 12 മണിക്കൂറുകൾ ക്കു ശേഷം മുഴുവൻ കലങ്ങളും വെന്തു പാകമായിട്ടുണ്ടാകും. അതിനുശേഷം ചൂള പൊട്ടിച്ച് ഈ കലങ്ങളെല്ലാം പുറത്തെടുക്കുന്നു. ചെറുകല്ലുകൾ അടങ്ങിയിട്ടുണ്ടെങ്കിൽ കലം ചൂളയിൽ വച്ചു തന്നെ പൊട്ടിപ്പോയിട്ടുണ്ടാകും. ആദ്യകാലത്തെ ചക്രം (ചൗരി) ഉപയോഗിച്ച് ചട്ടി, കലം, മന്താളം, കൂജ, കുടുക്ക എന്നിവ മാത്രമേ ഉണ്ടാക്കാൻ പറ്റുമായിരുന്നുള്ളൂ.

പിന്നീട് ഏകദേശം നാല്പതു വർഷങ്ങൾക്കു മുമ്പായി ' ഡബിൾ ബാർ ബിയറിങ്ങ്' ചക്രം നിലവിൽ വന്നു. ഇത് ഒരാൾക്കുതന്നെ ഉപയോഗിക്കുവാൻ പറ്റുന്നതായതിനാൽ മനുഷ്യാധ്വാനം വളരെക്കുറവു മാത്രമേ ആവശ്യമായി വരുന്നുള്ളൂ. ഒരു വ്യക്തിക്കു തന്നെ ഒരു വടിയുപയോഗിച്ച് തിരിച്ച് മെനഞ്ഞെടുക്കാൻ പറ്റുന്ന തരത്തിലുള്ളതാണ് ഈ ചക്രം. ഇന്ന് സാധാരണയായി എല്ലാ മൺപാത്ര ഉല്പാദകരും ഇതാണ് ഉപയോഗിക്കുന്നത്. ഇതുപയോഗിച്ച് വിവിധതരം ഉല്പന്നങ്ങൾ ഉണ്ടാക്കാമെന്നതാണ് പ്രത്യേകത. കൂടാതെ, ഇതുപയോഗിക്കുമ്പോൾ സ്ത്രീകളുടെ സേവനം ആവശ്യമായി വരുന്നുമില്ല. അടുത്ത കാലത്തായി വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കാവുന്ന യന്ത്രം വന്നതോടുകൂടി ശ്ലാഘ്യമായ മുന്നേറ്റമാണ് മൺപാത്ര നിർമ്മാണത്തൊഴിലിൽ സംഭവിച്ചിരിക്കുന്നത്. ഇതുപയോഗിച്ച് അലങ്കാരവസ്തുക്കൾ, ചെടിച്ചട്ടി, വിവിധതരം മൺപാത്രങ്ങൾ, ജാറുകൾ, മൺപൈപ്പുകൾ എന്നിവ ഉണ്ടാക്കാം എന്നത് ഈ വിഭാഗത്തെ സംബന്ധിച്ചിടത്തോളം അനുഗ്രഹീതമായ കാര്യം കൂടിയാണ്. എന്നാൽ വർദ്ധിച്ചു

വരുന്ന പ്ലാസ്റ്റിക്, സ്റ്റീൽ, അലൂമിനിയം പാത്രങ്ങളുടെ ആധിക്യം ഈ വിഭാഗത്തിന്റെ കുലത്തൊഴിൽ മേഖലയിൽ കരിനിഴൽ വീഴ്ത്തിയിരിക്കയാണ്.

മൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിരിക്കുന്ന വിഭാഗങ്ങളെ ഉല്പന്ന വൈവിധ്യവൽക്കരണം വഴി അവരുടെ മേഖലയിൽ പുത്തനുണർവ്വ് ഉണ്ടാക്കിയാൽ മാത്രമേ ഈ കുലത്തൊഴിൽ നിലനിർത്തിക്കൊണ്ടു പോകുവാൻ സാധിക്കുകയുള്ളൂ.

അടുത്ത കാലത്തായി ഐ.ആർ.ടി.സി (ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ) യുടെ സഹായത്തോടെ ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 'ഡെക്കോപാഷ്' (ഫ്രഞ്ച് അലങ്കാരവിദ്യ) ഉല്പന്ന നിർമ്മാണങ്ങളുടെ പ്രസക്തി ഇവിടെയാണ് കൂടുതൽ പൂർണ്ണമാകുക. മിനുസപ്പെടുത്തിയെടുക്കുന്ന മൺപാത്രങ്ങളുടെ പുറത്ത് വൈറ്റ് സിമന്റ് പൂശി ആവശ്യമായ ചിത്രങ്ങൾ ഒട്ടിച്ച് പുറത്ത് മനോഹരമായ പാളി ഉണ്ടാക്കുന്ന
രീതിയാണിത്.

മൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ച വിഭാഗങ്ങൾക്ക് 'ഡെക്കോപാഷ്' നിർമ്മാണത്തിൽ പ്രാവീണ്യം നല്കുകവഴി പുതുതലമുറയെ ഇതിലേക്ക് ആകർഷിക്കുവാനും ഒരു കുലത്തൊഴിൽ അന്യം നിന്നുപോകാതെ നിലനിർത്താനും വളരെയേറെ സഹായകരമാകും. അതുവഴി നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായ ഒരു മഹത്തായ പാരമ്പര്യം കാത്തുസൂക്ഷിക്കാനും ഈ വിഭാഗത്തിന്റെ കുലത്തൊഴിലിന് പുതുജീവൻ നല്കാനും സാധിക്കും.

**ഉപസംഹാരം**

ആന്തൂർനായന്മാർക്കിടയിലെ പഴയകാല തൊഴിൽ സംസ്കാരം ഇന്നും അതേപടി നിലനിൽക്കാൻ ഒരു പ്രധാന കാരണം അവരുടെ കൂട്ടായ അധിവാസ വ്യവസ്ഥയാണ്. മൺപാത്ര നിർമ്മാണം നിലനിർത്താൻ ഇത്തരം അധിവാസ വ്യവസ്ഥ വളരെയധികം സഹായകരമാണ്. പക്ഷെ ഇന്നും ആന്തൂർനായന്മാരുടെ മൺപാത്രനിർമ്മാണരീതി മുഖ്യധാരാ സമൂഹത്തിന്റെ ഉപാധികളും, സങ്കേതങ്ങളും സായത്തമാക്കി മുന്നേറാൻ സാധിക്കാതെ നിൽക്കുന്ന ഒരു അവസ്ഥയിലാണ്.

ആധുനിക പരിഷ്കൃതിയുടെ താല്പര്യങ്ങൾക്കനുസൃതമായി ആന്തൂർനായന്മാരുടെ തൊഴിൽ ഉല്പന്നങ്ങൾ വൈവിധ്യവത്ക്കരിക്കപ്പെട്ടാൽ മാത്രമേ വികസനമുന്നേറ്റത്തിൽ ഈ സമൂഹത്തിന് നിലനിൽപ്പ് സാധ്യമാകുകയുള്ളൂ. ഇന്നത്തെ ആഗോളവത്ക്കരണത്തിന്റെ കാലഘട്ടത്തിൽ പോലും വിവിധ മൺപാത്ര ഉല്പന്നങ്ങൾക്ക് ആഗോളവിപണിയിൽ അതിന്റേതായ ഒരു ഇടമുണ്ട്. ഇത്തരം സാധ്യതകളെ ഉൾക്കൊണ്ടുകൊണ്ട് പുരോഗതിയിലേക്കുള്ള പാതയിലേക്ക് ചുവടുവെയ്ക്കാൻ ശരിയായ മാർഗ്ഗനിർദ്ദേശവും, പരിശീലനവും ഈ വിഭാഗങ്ങൾക്ക് നൽകുക വഴി സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

**പ്രബന്ധരചനാ സാമഗ്രികൾ**

1. Singh, K.S 1998 Indias Communities. New Delhi : Anthropological Survey of India.
2. Sinha, S.C (Ed) 1993 Anthropology of weaker sections. New Delhi : Concept Publish ing Company.
3. Sini, M 2002 Economic diveraification and change : A study of Anthur Nairs in Kannur
4. District, Unpublished M Phil thesis, Kannur University.
5. Thurston, E 1990 (Rpt). Castes and Tribes of Southern India. Madras : Govt. press.